(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്കും പ്ലസ്ടു പരീക്ഷയ്ക്കും കുറഞ്ഞ വിജയശതമാനം കരസ്ഥമാക്കുന്ന സ്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ സ്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികൾ ഏറ്റെടുത്ത് നടത്താറുണ്ട്. വിജയശതമാനം 25 ന് താഴെയുള്ള സ്കൂളുകളാണ് പ്രത്യേകമായി പരിഗണിക്കാറുള്ളത്. ഇതിന്റെ ഭാഗമായി ഹെഡ്മാസ്റ്റർമാരുടേയും പ്രിൻസിപ്പൽമാരുടേയും യോഗം അക്കാദമിക് വർഷത്തിന്റെ തുടക്കത്തിൽ തന്നെ വിളിച്ച് ചേർക്കാറുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തി അദ്ധ്യാപകരുടെ സേവനം ഈ സ്കൂളുകളുടെ കാര്യത്തിൽ തുടർച്ചയായി ലഭിക്കുന്ന കാര്യം ഉറപ്പുവരുത്താറുണ്ട്. സ്കീം ഓഫ് വർക്ക് തയ്യാറാക്കി അതിന് അനുസൃതമായി അദ്ധ്യാപകരുടെ സഹായത്തോടെ പാഠഭാഗങ്ങൾ യഥാസമയം തീർക്കുന്നതിന് മുൻഗണന നൽകാറുണ്ട്. ഓരോ സ്കൂളിന്റേയും പ്രവർത്തനം പല ഘട്ടങ്ങളിലായി ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ വിലയിരുത്താറുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ വിജയശതമാനം കരസ്ഥമാക്കുന്നവർക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകി വരുന്നുണ്ട്.

(ഡി) ഏറ്റവും കൂടുതൽ പേരെ വിജയിപ്പിച്ച സ്കൂളുകളുടെ ലിസ്റ്റും അതുൾപ്പെടുന്ന ജില്ലയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിനായി അദ്ധ്യാപക നിയമനം

120 [719] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിനായി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ എത്ര അദ്ധ്യാപകർ വേണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്ര പേരെ നിയമിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(സി) എത്ര അദ്ധ്യാപകരെ വീതം ഇതിനകം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉൾപ്പെടെ 10 പരിശീലകർ വേണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു ബ്ലോക്കിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉൾപ്പെടെ 10 പരിശീലകർ വേണമെന്നാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) 152 ബി. ആർ. സി. കളിലായി ഇപ്പോൾ 887 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly